കൂടാതെ കടലുണ്ടി പക്ഷിസങ്കേതത്തിന്റെ വികസനത്തിനാവശ്യമായ വിശദമായ ഒരു പദ്ധതി തയ്യാറാക്കി വരുന്നുണ്ട്.

ആലപ്പുഴയിലെ വിനോദസഞ്ചാര വികസനം

118 (129) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിൽ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ നഗരത്തിലെത്തുന്ന വിദേശീയരായ വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) നഗരത്തിൽ കായലോര ടൂറിസം പോഷിപ്പിക്കുന്നതിനും കായലുകളും ഗതാഗത യോഗ്യമാക്കി ജലമാർഗ്ഗം ടൂറിസം വികസനത്തിനുമായി എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴയിൽ ടൂറിസം വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ പുന്നമടയിൽ ബോട്ട് ടെർമിനൽ, പള്ളാത്തുരുത്തിയിലും കോതറത്തോടും നെടുമുടിയിലും വട്ടക്കായലിലും 10 വീതം മുറികളും റെസ്റ്റോറന്റും ടോയ്ലറ്റും, സ്വീവേജ് പമ്പിംഗ് സ്റ്റേഷനും മറ്റും അടങ്ങിയ കായലോര വിശ്രമകേന്ദ്രങ്ങളും ഇവയിൽ ഉൾപ്പെടുന്നു. കൂടാതെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

1. സീവ്യൂ പാർക്കിന്റെ വികസനം
2. ലക്ഷ്വറി ബോട്ട്
3. ആലപ്പുഴ ബീച്ചിൽ പിക്ക്നിക്ക് സെന്റർ
4. മാതാ കേശവദാസ് പാർക്കിന്റെ നവീകരണവും മോടി പിടിപ്പിക്കലും
5. ടൂറിസ്റ്റ് അമിനിറ്റി സെന്റർ
6. ചക്കുളത്തും, ആലപ്പുഴ ബോട്ടുജെട്ടിയിലും പബ്ലിക് ടോയ്ലറ്റും ബാത്ത്റൂമും.

കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ സ്ഥലനാമ ബോർഡുകൾ സ്ഥാപിക്കുന്ന പ്രോജക്ടും നടപ്പിലാക്കി വരുന്നുണ്ട്. പാതിരാമണൽ ദ്വീപ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

അന്തർദ്ദേശീയ നിലവാരത്തിലുള്ള കായൽ റിസോർട്ടായി വികസിപ്പിക്കുന്നതിന് ഒബ്റോയ് ഗ്രൂപ്പുമായി ധാരണയിലെത്തിയിട്ടുണ്ട്. സർക്കാർ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണവും പൂർത്തിയാക്കി വരുന്നു.

(സി) ആലപ്പുഴ നഗരത്തിൽ കായലോര ടൂറിസം പോഷിപ്പിക്കുന്നതിനും, കായലുകളും കനാലുകളും ഗതാഗതയോഗ്യമായി ജലമാർഗ്ഗം ടൂറിസം വികസിപ്പിക്കുന്നതിനുമായി ഇറിഗേഷൻ വകുപ്പിന് വേണ്ടി നാറ്റ്പാക്ക് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ടൂറിസം വികസനത്തെ സഹായിക്കുന്ന ലൈറ്റിംഗ്, ലാന്റ് സ്കേപ്പിംഗ്, ബോട്ടുജെട്ടികളുടെ നിർമ്മാണം തുടങ്ങിയ ഘടകങ്ങൾ ടൂറിസം വകുപ്പുമായി വിശദമായ ചർച്ചയ്ക്കുശേഷം ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ പ്രസ്തുത ഘടകങ്ങൾ ആവശ്യമായ സാമ്പത്തിക സഹായം ടൂറിസം വകുപ്പ് നൽകുന്നതാണ്.

ലാ കമ്മീഷൻ രൂപീകരണം

119 (130) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ.കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലഹരണപ്പെട്ട പല നിയമങ്ങളും സാമൂഹ്യ നന്മയ്ക്ക് തടസ്സമാകുന്നതായും നീതി നടത്തിപ്പിന് കാലതാമസം വരുത്തുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള ഏതൊക്കെ നിയമങ്ങളാണ് ഭേദഗതിക്ക് വിധേയമാക്കേണ്ടതെന്ന് പരിശോധിക്കുവാൻ സംസ്ഥാനത്ത് ലാ കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് കാലഹരണപ്പെട്ട ഏതൊക്കെ നിയമങ്ങളാണ് കാലോചിതമായി പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് രൂപീകരിക്കാനുദ്ദേശിക്കുന്ന ലാ കമ്മീഷന്റെ പരിധിയിൽ നിയമ ഗവേഷണ വിഭാഗം ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) പരിശോധിച്ചു വരുന്നു.

അഭിഭാഷകൻ ശ്രീ. അശോക് ദേശായിക്ക് ഫീസിനത്തിൽ നൽകിയ തുക

120 (131) ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly